## 2. അസൂയ നാശകാരണം

അസൂയ നമ്മെ നശിപ്പിക്കും. അത് കാരണം നാം ചെയ്യുന്ന നല്ല കാര്യങ്ങളൊന്നും നമുക്ക് ഉപകരിക്കാതെ പോകും. രാജഭൃത്യന്റെ ഗതിയാകും നമുക്കും ഉണ്ടാവുക.

ഒരിടത്ത് ഒരു പണ്ഡിതൻ ഉണ്ടായിരുന്നു. ആ നാട്ടിലെ രാജാവിന്റെ ഉപദേശകനായിരുന്നു അദ്ദേഹം. രാജാവിനോട് അദ്ദേഹം പറയും: “നന്മ ചെയ്യുന്നവരോട് താങ്കൾ നന്മ ചെയ്യുക. തെറ്റ് ചെയ്തവർക്ക് താങ്കൾ മാപ്പ് നല്കുക. അവർക്കുള്ള ശിക്ഷ ദൈവം നല്കും.”

രാജാവിന് ആ പണ്ഡിതനെ വലിയ ഇഷ്ടമായിരുന്നു.

പണ്ഡിതനോട് ദേഷ്യമുള്ള ഒരു ഭൃത്യൻ ആ കൊട്ടാരത്തിലുണ്ടായിരുന്നു. പണ്ഡിതനെ എങ്ങനെയെങ്കിലും രാജാവിൽനിന്ന് അകറ്റണമെന്ന ചിന്തയായിരുന്നു അയാൾക്ക്.

ഒരുനാൾ അയാൾ രാജാവിനോട് പറഞ്ഞു: “ആ പണ്ഡിതൻ അങ്ങയെ അപകടത്തിലാക്കും. അവൻ പറയുന്നതൊന്നും വിശ്വസിക്കരുത്. അവൻ അങ്ങയെപ്പറ്റി ജനങ്ങളോട് പറഞ്ഞതെന്താണെന്നറിയാമോ? അങ്ങയുടെ വായ് നാറുന്നുവെന്ന്.” അയാളാണെങ്കിൽ ധാരാളം വെളുത്ത ഉള്ളി തിന്നുകയും ചെയ്യും.” രാജാവിന് അത് ഇഷ്ടമില്ലായിരുന്നു.

“ശരിയാണോ നീ പറഞ്ഞത്?” രാജാവ് തിരക്കി.

“അങ്ങ് അയാളെ വിളിക്കണം. അങ്ങയുടെ അടുത്തുവരുമ്പോൾ അയാൾ മൂക്ക് പൊത്തിവെച്ചിട്ടുണ്ടാകും. അത് അങ്ങയെ വാസനിക്കാതിരിക്കാനാണ്.”



“അത്രക്കായോ? ഞാൻ നോക്കട്ടെ.” രാജാവ് പറഞ്ഞു.

തന്ത്രം ഫലിച്ച സന്തോഷത്തോടെ ഭൃത്യൻ കൊട്ടാരത്തിൽ നിന്നിറങ്ങി. അയാൾ നേരെ പോയത് പണ്ഡിതന്റെ അടുത്തേക്കാണ്. അദ്ദേഹത്തെ കണ്ട ഉടനെ ഭൃത്യൻ പറഞ്ഞു: “ഇന്ന് ഭക്ഷണത്തിന് എന്റെ വീട്ടിലേക്ക് വരണം.”

ക്ഷണം സ്വീകരിച്ചു പണ്ഡിതൻ ഭൃത്യന്റെ കൂടെ പോയി. വെളുത്ത ഉള്ളി ധാരാളം ചേർത്താണ് അയാൾ അന്ന് ഭക്ഷണം ഉണ്ടാക്കിയത്.

ഭക്ഷണം കഴിച്ച ഉടനെ പണ്ഡിതൻ യാത്ര പറഞ്ഞ് അവിടെനിന്നും ഇറങ്ങി നേരെ രാജകൊട്ടാരത്തിലേക്ക് പോയി.

അദ്ദേഹത്തെ കണ്ട ഉടനെ രാജാവ് പറഞ്ഞു: “ഹായ്, നമ്മുടെ അടുത്തേക്ക് വരിക.”

പണ്ഡിതൻ രാജാവിന്റെ അടുത്തുചെന്നു. അദ്ദേഹം തന്റെ കൈകൊണ്ട് വായ് പൊത്തിവെച്ചിരുന്നു. അതുകണ്ട് രാജാവ് കരുതി: ഇയാളെപ്പറ്റി നാം കേട്ടതെല്ലാം ശരിയാണ്. രാജാവ് ചിലതെല്ലാം ചോദിച്ച് പണ്ഡിതനെ യാത്രയാക്കി.

പണ്ഡിതൻ കൊട്ടാരത്തിൽനിന്ന് പോയ ഉടനെ രാജാവ് തന്റെ ഗവർണർക്ക് ഒരു കത്തെഴുതി. അത് ഇങ്ങനെയായിരുന്നു: ഈ കത്തുമായി വരുന്നവനെ താങ്കൾ കൊന്നുകളയുക.”

ആ കത്ത് സ്വകാര്യമായി ഭൃത്യനെ ഏല്പിച്ചു രാജാവ് പറഞ്ഞു: ഇത് കൊണ്ടുപോയി പണ്ഡിതനെ ഏല്പിക്കുക. അദ്ദേഹത്തോട് വേഗം ഇത് നമ്മുടെ ഗവർണർക്ക് എത്തിക്കാൻ പറയൂ.”

ഭൃത്യൻ ഉടനെ കത്ത് പണ്ഡിതനെ ഏല്പിച്ചിട്ടു പറഞ്ഞു:

“ഇത് വേഗം ഗവർണർക്ക് കൊണ്ടുപോയികൊടുക്കണം. രാജാവിന്റെ കല്പനയാണ്.”

പണ്ഡിതൻ കത്ത് വാങ്ങി യാത്രക്ക് തയാറായി.

“ഈ കത്തിൽ എന്താണ്?” ഭൃത്യൻ പണ്ഡിതനോട് തിരക്കി.

“ഈ കത്തിൽ എനിക്ക് പാരിതോഷികങ്ങൾ തരുന്നതിനുള്ള ഉത്തരവായിരിക്കും.”

അല്പം ആലോചിച്ചശേഷം ഭൃത്യൻ പറഞ്ഞു: "താങ്കൾ അതെനിക്ക് തന്നാലും."

പണ്ഡിതൻ ഒന്നും പറയാതെ കത്ത് അയാൾക്ക് കൊടുത്തു. ഭൃത്യൻ സന്തോഷത്തോടെ കത്തുമായി ഗവർണറുടെ അടുത്തേക്ക് പുറപ്പെട്ടു.



കത്ത് വായിച്ച ഗവർണർ ഭൃത്യനോട് പറഞ്ഞു:

"ഇത് നിന്നെ കൊന്നുകളയാനുള്ള രാജകല്പനയാണ്."

അതുകേട്ട് ഭൃത്യൻ ഞെട്ടി. അയാൾ വിറച്ചുകൊണ്ട് പറഞ്ഞു: "അല്ല പ്രഭോ, ഈ കത്ത് സത്യത്തിൽ എനിക്കുള്ളതല്ല. വേറെ ഒരാളിൽനിന്ന് ഞാൻ വാങ്ങിയതാണ്."

ഗവർണർ അത് കേട്ടില്ല. അദ്ദേഹം ഭൃത്യനെ കൊന്നു കളഞ്ഞു.

ഈ സമയം പണ്ഡിതൻ നേരെ കൊട്ടാരത്തിലേക്ക് ചെന്നുകയറി. അദ്ദേഹത്തെ കണ്ട് രാജാവ് ചോദിച്ചു: "ആ കത്ത് എന്ത് ചെയ്തു?"

"അങ്ങയുടെ ഭൃത്യൻ അത് അവന് വേണമെന്നു പറഞ്ഞു. ഞാനതവനെ തന്നെ ഏല്പിച്ചു."

"എന്റെ വായ് നാറുന്നതാണെന്ന് താങ്കൾ ആളുകളോട് പറയാറുണ്ടെന്ന് ഭൃത്യൻ പറഞ്ഞല്ലോ. ശരിയാണോ?"

രാജാവ് തിരക്കി.

"ഇല്ല. ഞാൻ ഒരിക്കലും അങ്ങനെ പറഞ്ഞിട്ടില്ല."

"പിന്നെ താങ്കൾ എന്തിനാണ് നമ്മുടെ അടുത്തു വന്നപ്പോൾ കൈകൊണ്ട് മൂക്ക് പൊത്തിയത്?"

"തിരുമനസ്സേ, മൂക്കല്ല, വായാണ് അടിയൻ പൊത്തിയത്. കാരണം, താങ്കളുടെ ഭൃത്യനോടൊപ്പമാണ് ഞാനിന്ന് ഭക്ഷണം കഴിച്ചത്. ധാരാളം വെളുത്ത ഉള്ളി ചേർത്താണ് അയാളത് ഉണ്ടാക്കിയിരുന്നത്. എനിക്കത് ഇഷ്ടവുമല്ല. അങ്ങയ്ക്ക് അത് വാസനിക്കാതിരിക്കാനാണ് ഞാൻ അങ്ങനെ വായ് പൊത്തിവെച്ചത്."

അതുകേട്ട് രാജാവ് പറഞ്ഞു: "ഓ. ഇപ്പോൾ എല്ലാം മനസ്സിലായി. താങ്കൾ പറഞ്ഞത് ശരിയാണ്. ചീത്ത പ്രവർത്തിക്കുന്നവന് അതിനുള്ള ശിക്ഷ ദൈവം നല്കും എന്നല്ലേ താങ്കളുടെ ഉപദേശം? അതിപ്പോൾ ഭൃത്യന് കിട്ടിക്കഴിഞ്ഞു."

*അസൂയ ആപത്ത് വരുത്തിവെക്കും. ആരോടും അസൂയയോടെ പെരുമാറരുത്.*